# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2890 20.06.2013-ലെ മറുപടിക്ക്

## എഞ്ചിനീയറിംഗ് വിംഗ് ഉദ്യോഗസ്ഥരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയറിംഗ് വിംഗ് ഉദ്യോഗസ്ഥർക്ക് പ്രൊഫഷണലിസം മെച്ചപ്പെടുത്തുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികളാണുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ). | പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർക്ക് പ്രൊഫഷണലിസം മെച്ചപ്പെടുത്തുന്നതിന് വിവിധ പരിശീലന പദ്ധതികൾ നടപ്പിലാക്കി വരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലും കാര്യക്ഷമമായും നടത്തുന്നതിനുതകുന്ന പ്രീ-ഫാബ്രിക്കേഷൻ സാങ്കേതിക വിദ്യയിൽ എഞ്ചിനീയർമാർക്ക് പരിശീലനം നൽകുന്നുണ്ട്. കേരളത്തിനകത്തും, പുറത്തും ഇത് സംബന്ധിച്ച് നടക്കുന്ന പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിലേയ്ക്കായി ഉദ്യോഗസ്ഥരെ നിയോഗിക്കുന്നുണ്ട്. എഞ്ചിനീയറിംഗ് രംഗത്തെ പുതിയ സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്ന സോഫ്റ്റ്‌വെയറുകൾ വാങ്ങുകയും, അതിൻമേൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ സാങ്കേതിക രംഗത്ത് മികച്ച സേവനം നടത്തി വരുന്ന വ്യക്തികളുമായി കൂടിക്കാഴ്ചയ്ക്ക്, വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അവസരം ഒരുക്കുന്നുമുണ്ട്. |
| (ബി). ഇതുമായി ബന്ധപ്പെട്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പരിപാടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി). | അന്താരാഷ്ട്ര നിലവാരവും, ഗുണമേൻമയുള്ളതും, കാലാവസ്ഥയ്ക്ക് അനുയോജ്യവുമായ റോഡുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ, എഞ്ചിനീയർമാരെ പരിശീലിപ്പിക്കുക എന്നീ ലക്ഷ്യം മുൻനിർത്തി മേഖലാ തലത്തിലോ ഡിവിഷൻ തലത്തിലോ വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ പ്രീ-ഫാബ്രിക്കേഷൻ സാങ്കേതിക വിദ്യ പോലുള്ള പുതിയ സാങ്കേതിക വിദ്യകൾ നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ